മാതൃഭൂമി

06 January 2024

# വയോജനങ്ങൾ കൂടുന്നു: കേരളം കൈകാര്യം ചെയ്യുന്ന രീതി മാതൃകയാക്കാം-സുമൻ ബെറി



തീരദേശ സംസ്ഥാനങ്ങളിലെ സമുദ്രമത്സ്യ മേഖലയിലെ വികസന സാധ്യതകൾ ചർച്ച ചെയ്യുന്നതിനായി സി.എം.എഫ്.ആർ.ഐ.യിൽ നടന്ന ദേശീയ ശില്പശാല നീതി ആയോഗ് വൈസ് ചെയർമാൻ സുമൻ ബെറി ഉദ്ഘാടനം ചെയ്യുന്നു

**കൊച്ചി▸** ജനസംഖ്യയിൽ വയോജനങ്ങൾ കൂടുന്നു എന്ന വിഷയത്തെ കേരളം എങ്ങനെ നേരിടുന്നു എന്നത് പ്രധാനമാണെന്ന് നീതി ആയോഗ് വൈസ് ചെയർമാൻ സുമൻ ബെറി. കേരളം പല മേഖലകളിലും മുൻപന്തിയിലാണ്. അതുകൊണ്ടു തന്നെ വയോജനങ്ങളുടെ വിഷയം സംസ്ഥാനം കൈകാര്യം ചെയ്യുന്നതെങ്ങനെയാണെന്നത് മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയായിരിക്കും.

സമുദ്രമത്സ്യ മേഖലയിലെ വികസന സാധ്യതകൾ ചർച്ച ചെയ്യുന്നതിനായി കൊച്ചി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ സംഘടിപ്പിച്ച ഉന്നതതല ദേശീയ ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

നീതി ആയോഗ് അംഗം പ്രൊഫ. രമേശ് ചന്ത്, ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ജെ.കെ. ജെന, നീതി ആയോഗ് ജോയിന്റ് സെക്രട്ടറി കെ.എസ്. റെജിമോൻ, നീതി ആയോഗ് സീനിയർ ഉപദേശക ഡോ. നീലം പട്ടേൽ, സംസ്ഥാന ഫിഷറീസ് ഡയറക്ടർ ഡോ. അദീല അബ്ദുള്ള, നീതി ആയോഗ് സീനിയർ കൺസൽട്ടന്റ് ഡോ. ബബിത സിങ്, സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.